19/7/19 EA 6120

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ആ.കു.വ - മെ.വി.വ - ജീവനക്കാര്യം - പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൽട്ടന്റായ ഡോ.സിറിൾ ജേക്കബ്ബ് കുര്യന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

**സ.ഉ.(സാധാ) നം.1770/2019/ആ.കു.വ** തീയതി,തിരുവനന്തപുരം, 19/07/2019

---

പരാമർശം:- 1) ഡോ.സിറിൾ ജേക്കബ്ബ് കുര്യന്റെ 02/02/2019 - ലെ അപേക്ഷ

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05/03/2019 - ലെ ഇ.എ6 -9890/19/ ആ.വ.ഡ നമ്പർ നിരാക്ഷേപപത്രം

3) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 22/06/2019 - തീയതിയിലെ എഫ്6/2164/2019/മെ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൽട്ടന്റായ ഡോ.സിറിൾ ജേക്കബ്ബ് കുര്യന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം രണ്ട് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ നിരാക്ഷേപപത്രവും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒരൊഴിവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ഡോ.സിറിൾ ജേക്കബ്ബ് കുര്യന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിലേക്ക് ഡെപ്യൂട്ടേഷൻ നിയമനം നൽകാവുന്നതാണെന്ന് പരാമർശം മൂന്ന് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ഫാക്കൽട്ടി ദൗർലഭ്യം കൂടി കണക്കിലെടുത്ത് ആരോഗ്യവകുപ്പിനു കീഴിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൽട്ടന്റായ ഡോ.സിറിൾ ജേക്കബ്ബ് കുര്യന് നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അനുമതിയില്ലാതെ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നത് കെ.എസ്.ആർ ഭാഗം 1 ചട്ടം 140(C) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവെയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ അനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല-പ്രാബല്യത്തോടെ ക്രമീകരിച്ചു നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ നിലവിലെ അന്യത്ര സേവന കാലയളവ് അവസാനിച്ചു കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ

ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവാകാത്ത പക്ഷം അനുവദിച്ച അന്യത്ര സേവനകാലം അവസാനിക്കുന്ന മുറയ്ക്ക് ഡോ.സിറിൾ ജേക്കബ്ബ് കുര്യനെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക തിരിച്ചയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
**അണ്ടർ സെക്രട്ടറി**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ.സിറിൾ ജേക്കബ്ബ് കുര്യൻ, ജൂനിയർ കൺസൾട്ടന്റ്, ജനറൽ ആശുപത്രി, പത്തനംതിട്ട
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) , പത്തനംതിട്ട
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം
സൂപ്രണ്ട്, ജനറൽ ആശുപത്രി, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും സ്ത്രീകളുടേയും കുട്ടികളുടേയും വികസനകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ANIL KUMAR D
Date: 2019.07 1:26:58 IST
Reason: Approved
സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് നം: ഇ.എ6- 9890/19/ആ.വ.ഡ തീയതി 19.07.2019</u>**
അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**